# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.846** **28.04.2017-ൽ മറുപടിയ്ക്ക്**

## മരാമത്ത് റോഡുകളുടെ ഗ്യാരന്റി പീരിയഡ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ,**<br>**,, ആർ. രാമചന്ദ്രൻ**<br>**,, ജി.എസ്.ജയലാൽ**<br>**,, എൽദോ എബ്രഹാം:** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്തെ റോഡുകളുടെ നിർമാണത്തിനും പരിപാലനത്തിനുമായുള്ള പ്രവൃത്തികൾക്ക് ഡിഫെക്ട് ലയബിലിറ്റി പിരിയഡ് നിശ്ചയിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. Road Fund Board, RICK എന്നീ കമ്പനികൾ മുഖേന നിർമ്മിക്കുന്ന റോഡുകൾക്ക് ഡിഫെക്ട് ലയബിലിറ്റി പിരിയഡും, മെയിന്റനൻസ് പീരീഡും അടക്കം 14-15 വർഷമാണ്. ഇനി ശബരിമല റോഡുകൾക്ക് ഡിഫെക്ട് ലയബിലിറ്റിയും, മെയിന്റനൻസ് പീരീഡും അടക്കം 7 വർഷമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) വിവിധ പ്രവൃത്തികൾക്കായി നിശ്ചയിച്ചിട്ടുള്ള ഡിഫെക്ട് ലയബിലിറ്റി പിരിയഡ് - ന്റെ കാലപരിധി വ്യക്തമാക്കുമോ; | (ബി) 40 എം.എം-ൽ കുറവു ഘനമുള്ള ടാറിംഗ് പ്രവർത്തിയ്ക്ക് ഒരു വർഷവും, അതിന് മുകളിലുള്ളതിന് മൂന്ന് വർഷവും ഡിഫക്റ്റ് ലയബിലിറ്റി പിരീയേഡ് നിശ്ചയിച്ചിട്ടുണ്ട്. ഈ.പി.സി വ്യവസ്ഥയിൽ നടപ്പിലാക്കുന്ന റോഡ്, ബ്രിഡ്ജ് മുതലായവ 48 മാസം, ഓർഡിനറി റിപ്പയർ 6 മാസം, സ്പെഷ്യൽ റിപ്പയർ 18 മാസം, ഡിഫക്ട് ലയബിലിറ്റി ബാധകമാണ്. |

| | | | |
|---|---|---|---|
| (സി) | പൊതുമരാമത്ത് റോഡുകളുടെ ഗ്യാരന്റി പീരിയഡ് എത്ര കാലമാണെന്ന് വ്യക്തമാക്കുമോ; ഹെവിമെയിന്റനൻസിൽ ഉൾപ്പെടുത്തി കൂടുതൽ ഗ്യാരന്റിയോടുകൂടി സംസ്ഥാനത്ത് റോഡ് പ്രവൃത്തികൾ നടക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | ടാറിംഗ് പ്രവർത്തിയ്ക്ക് കനം 40 എം.എം.-ൽ കുറവുള്ളതിന് ഒരു വർഷവും, അതിന് മുകളിലുള്ളതിന് മൂന്ന് വർഷവും ഡിഫക്റ്റ് ലയബിലിറ്റി പിരീയേഡ് നിശ്ചയിച്ചിട്ടുണ്ട്.<br><br>KIIFB മുഖേന നടപ്പിലാക്കുന്ന റോഡുകളുടെ പ്രവർത്തികൾക്ക് നിലവിലെ നിശ്ചയിച്ചിട്ടുള്ള ഡിഫക്റ്റ് ലയബിലിറ്റി പിരീയേഡിന് പുറമേ നാലു വർഷത്തെ അധിക പരിപാലന കരാർ കൂടി ഉൾപ്പെടുത്തി (maintenance contract) നടപ്പിലാക്കുവാൻ വേണ്ടിയുള്ള തുക വകയിരുത്തിയാണ് ഡി.പി.ആർ അംഗീകരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**